LIBRARY ARCHIVES Kerala Legislative Assembly

സുനാമിയെ തുടർന്ന് ആൻഡമാൻ നിക്കോബാർ ദ്വീപുകളിൽ മരണമടഞ്ഞ മലയാളികൾ

105 [2172] ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. ടി. യു. രാധാകൃഷ്ണൻ:
ശ്രീമതി മേഴ്സി രവി:
ശ്രീ. എം. പി. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 ഡിസംബർ 26-ാം തീയതി ഉണ്ടായ സുനാമിയെ തുടർന്ന് ആൻഡമാൻ നിക്കോബാർ ദ്വീപ സമൂഹങ്ങളിലെ എത്ര മലയാളികളോ, മലയാളി വംശജരോ ആണ് മരണപ്പെട്ടത്;

(ബി) എത്ര പേർക്ക് വീടും, സമ്പാദ്യവും നഷ്ടപ്പെട്ടു;

(സി) ഗവൺമെന്റ് ഇവർക്കുവേണ്ടി എന്തെല്ലാം സഹായങ്ങൾ ചെയ്തു;

(ഡി) ഇവരെ സഹായിക്കുവാൻ ഗവൺമെന്റിന് എന്തെല്ലാം പരിപാടികളുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആൻഡമാൻ നിക്കോബാർ ദ്വീപ സമൂഹങ്ങളിൽ താമസിച്ചിരുന്ന 3 കൊല്ലംജില്ലാ സ്വദേശികൾ മരണപ്പെട്ടതായും, 5 ആലപ്പുഴജില്ലാ സ്വദേശികളെ കാണായതായും ജില്ലാ കളക്ടർമാർ റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

(ബി) കൂടുതൽ വിവരം ലഭിച്ചിട്ടില്ല.

(സി ആന്റ് ഡി) കേരളത്തിന് പുറത്ത് താമസിച്ചിരുന്നവരും അവർ താമസിച്ച സ്ഥലത്തു വച്ച് ദുരന്തംമൂലം മരിച്ചവരുമായ മലയാളികളുടെ അവകാശികൾക്കോ ആശ്രിതർക്കോ ആനുകൂല്യങ്ങൾ നൽകുന്നതിനെ സംബന്ധിച്ച് പൊതുവായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

സെമിത്തേരി തകർന്നതിന് നഷ്ടപരിഹാരം

106 [2173] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ല കൊയിലാണ്ടി താലൂക്ക് പനങ്ങാട് പഞ്ചായത്തിലെ വയലടയിൽ 2004-ലെ കാലവർഷക്കെടുതിമൂലം ആർ. സി. പള്ളിയിലെ സെമിത്തേരി പൂർണ്ണമായി തകർന്നുപോയ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: